# ജി വി യു പി എസ് ഏഴാച്ചേരി

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# ആമുഖം

പ്രീ സ്കൂൾ മുതൽ ഹയർ സെക്കൻഡറി വരെയും അധ്യാപക പരിശീലന കേന്ദ്രങ്ങളും വരെ വ്യാപിച്ചു കിടക്കുന്ന പൊതു വിദ്യാഭ്യാസ ശൃംഖലയിലെ കണ്ണികളായ വിദ്യാലയങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പിടിഎയുടെയും പൊതുജനങ്ങളുടെയും ഇടയിൽ സമർപ്പിക്കുന്നത് അവരുടെ കുട്ടികളെ എങ്ങനെയുള്ള സ്കൂളുകളിൽ പ്രവേശിപ്പിക്കണമെന്നും തങ്ങളുടെ കുട്ടികൾ ആർജിക്കേണ്ടത് ഏതുതരം വിദ്യാഭ്യാസം ആണെന്ന് നിശ്ചയിക്കാനും നിർണയിക്കാനും ഉള്ള അവസരം നൽകുകയാണ്.

വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോ കുട്ടിയുടെയും ഗുണമേന്മ വിദ്യാഭ്യാസം എന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള കർമ്മ പരിപാടികളും അവ സമയബന്ധിതമായി നടപ്പാക്കുമെന്ന് ഉറപ്പുനൽകലും വിദ്യാലയത്തിന്റെ പ്രകടനപത്രികയാണ്. വിദ്യാലയത്തിന്റെ ചരിത്രം, ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ, പോരായ്മകൾ എല്ലാം ഇതിലൂടെ ചർച്ച ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ, പൊതുസമൂഹത്തിന്റെ ഉൾ ചേർക്കൽ എല്ലാം ഇതിൽ ചർച്ച ചെയ്യപ്പെടുന്നു.

പോഷകാഹാരം, ലഹരിയിൽ നിന്നുള്ള വിമുക്തി, പരിസ്ഥിതി അവബോധം, ഹരിത നിയമാവലി അനുസരിച്ചുള്ള ജീവിതക്രമം ചിട്ടപ്പെടുത്തൽ, സഹവർത്തിത പഠനം, സർഗാത്മക പോഷണത്തിനും കായിക മികവിനും, കായികക്ഷമത ഉറപ്പാക്കാനുള്ള കലാകായിക പഠനം, കമ്പ്യൂട്ടർ അധിഷ്ഠിത പഠനം എന്നിങ്ങനെ ബഹുമുഖവും വിപുലമായ പദ്ധതികൾ ഇതിൽ ഉൾചേർത്തിരിക്കുന്നു.

# ലക്ഷ്യങ്ങൾ

ഈ പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം കുട്ടികളുടെ സർവോത്മുഖമായ വളർച്ചയും വികാസവും ആണ്. സ്വതന്ത്രമായി ചിന്തിക്കുന്നതിനും വളരുന്നതിനും ഉള്ള അവസരങ്ങൾ ഒരുക്കുക. വൈജ്ഞാനിക രംഗത്ത് ഉന്നത നിലവാരം പുലർത്തുന്നതോടൊപ്പം ഉന്നതമായ സാമൂഹ്യനീതിയും ഉറപ്പാക്കുക. വ്യക്തിപരവും മാനസികവുമായ വികാസവും സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള അവസരങ്ങളും പരിപാടികളും ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക ആരോഗ്യ കായിക രംഗത്ത് പരിശീലനങ്ങളും പര്യാപ്തതയും ഉറപ്പാക്കുക. ജനാധിപത്യം, മതേതരത്വം, മാനവികത, യുക്തിചിന്ത, ശാസ്ത്രീയ വീക്ഷണം എന്നിവ വളർത്തിയെടുക്കുക. സാമൂഹ്യനീതിയും നന്മകളും ഉറപ്പാക്കുക. സ്കൂൾ ഒരു ഗ്രാമത്തിന്റെ വൈജ്ഞാനിക സേവന കേന്ദ്രമായി ഉയർത്തുക. നല്ല വായനശീലം വളർത്തുക. പരീക്ഷണശാലകളും ഉപകരണങ്ങളും പഠനത്തിന് സഹായകരമായ രീതിയിൽ ഉപയോഗിക്കുക, അന്താരാഷ്ട്ര നിലവാരമുള്ള ഭാഷാശേഷിയും നൈപുണിയും വളർത്തിയെടുക്കുക. ഉയർന്ന പഠനബോധന പ്രക്രിയ ഉറപ്പ് വരുത്തുക. സ്കൂൾ പൊതുസമൂഹത്തിന്റെ ഒരു സാമൂഹിക കേന്ദ്രം ആക്കി മാറ്റുക. കൂട്ടായ്മയും പരസ്പര സഹകരണങ്ങളും ഉറപ്പുവരുത്തുക. പൊതുവിദ്യാലയവും വിദ്യാഭ്യാസവുമാണ് ഏറ്റവും മെച്ചപ്പെട്ടത് എന്ന് തെളിയിക്കുക. സർവോപരി പഠനം രസകരമായ അനുഭവമാക്കുന്നതിന്

മാറുന്ന തലമുറയോടൊപ്പം ടെക്നോളജിയിലെ മാറ്റങ്ങൾ ഉപയോഗിച്ച് ക്ലാസ് മുറിയിലെ സംഘർഷാവസ്ഥ ലഘൂകരിച്ച് ആകർഷകവും സന്തോഷകരവുമായ ക്ലാസ് അനുഭവങ്ങൾ നൽകി അതിലൂടെ വിദ്യാഭ്യാസ സമ്പ്രദായം മെച്ചപ്പെടുത്തുക.

## സ്കൂൾ ലഘു ചരിത്രം

ഗ്രാമാന്തരീക്ഷം ഇണങ്ങി നിൽക്കുന്ന ധാരാളം കൃഷിയിടങ്ങളും ജലസൗകര്യങ്ങളും ഒത്തിണങ്ങിയ നാടാണ് ഏഴാച്ചേരി ഗ്രാമം. ഇവിടെ നേരത്തെ പ്രവർത്തനമാരംഭിച്ചിരുന്ന ചിറ്റേട്ട് പ്രൈമറി(എൻ എസ് എസ് എൽപിഎസ്) സ്കൂളിനോട് അനുബന്ധമായി ഒരു മിഡിൽ സ്കൂൾ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ശ്രീ കുഴി കണ്ടത്തിൽ ഗോവിന്ദപ്പുള്ള അവർകളുടെ സ്ഥലത്ത് തന്നെ സ്കൂൾ കെട്ടിടം പണിത് 1930 ജൂലൈ 11ന് പ്രവർത്തനം ആരംഭിക്കുകയാണ് ഉണ്ടായത്. ഓലകെട്ടിയ ആദ്യ കെട്ടിടം മാറ്റി പുതിയ കെട്ടിടം ബലവത്തായ ഒരു കെട്ടിടത്തിലേക്ക് മാറ്റുക ആണ് ഉണ്ടായത്. തിരുവല്ല സ്വദേശിയായ ശ്രീപത്മനാഭപിള്ള ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. വടക്കൻ പറവൂർ മയ്യത്ത് വീട്ടിൽ ശ്രീ കുട്ടികൃഷ്ണപിള്ള, വള്ളംകുളം ശ്രീ രാഘവൻപിള്ള, ശ്രീ ആർ നാരായണപിള്ള എന്നിവ ആദ്യകാല അധ്യാപകരായിരുന്നു. തുടർന്ന് പൂതക്കുഴിയിൽ ശ്രീ കേശവരാമൻ നായർ ഹെഡ്മാസ്റ്റർ ജോലി സ്വീകരിച്ചു വന്നു. അക്കാലത്ത് ഗവൺമെന്റിൽ നിന്നും നേരിട്ട് ശമ്പളം കൊടുക്കുന്ന വ്യവസ്ഥ നിലവിൽ വന്നു. അതോടെ ബുദ്ധിമുട്ടുകൾ മാറി സ്കൂൾ പ്രവർത്തനം തുടർന്ന് വന്നു.

1973 ജൂലൈയിൽ ശ്രീ പി കെ ശശിധരൻ നായർ ഹെഡ്മാസ്റ്റർ നിയമിതനായി. അക്കാലത്ത് ശ്രീമതി പി.കെ. പൊന്നമ്മ, ശ്രീമതി കെ. ജെ. ശ്രീദേവിയമ്മ, ശ്രീ ടി എൻ രവീന്ദ്രനാഥ്, ശ്രീമതി എൻ രമാദേവി അന്തർജനം, ശ്രീമതി കെ.ജി ത്രേസ്യാമ്മ, ശ്രീ കുര്യാക്കോസ് എന്നിവർ അധ്യാപകരായി ജോലിയിൽ ഉണ്ടായിരുന്നു. സ്കൂളിന് അഭിമാനാർഹമായ നേട്ടങ്ങൾ ലഭിച്ച കാലഘട്ടമായിരുന്നു ശ്രീ. ശശി സാറിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്നത്.

ശ്രീ പി കെ ശശിധരൻ നായർ ഹെഡ്മാസ്റ്റർ ആയിരുന്ന കാലത്തെ മികവിന്റെ ചരിത്രം ഏറെ സന്തോഷം ജനിക്കുന്നതാണ്. കലാസാംസ്കാരിക

രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ സ്കൂളിൽ ലഭിച്ചു. സ്കൂൾ കലോത്സവങ്ങളിലും സ്കൂൾ വാർഷികങ്ങളിലും നാട്ടിലെ ഒട്ടേറെ ആളുകൾ അകമഴിഞ്ഞ പ്രോത്സാഹനം നൽകി. പഠനരംഗത്ത് മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയത് ഇന്നും ലോകത്തിൻറെ വ്യത്യസ്ത ഭാഗങ്ങളിൽ മികച്ച വ്യക്തിത്വങ്ങളായി പരിലസിക്കുന്നു. പിടിഎ, പൂർവ്വ വിദ്യാർത്ഥി സംഘടന, വിദ്യാർത്ഥികൾ എന്നിവർക്ക് ധാരാളം അവസരങ്ങളും പ്രോത്സാഹനങ്ങളും നൽകി. നാടകം, ഡാൻസ്, തിരുവാതിര, ഓട്ടൻതുള്ളൽ, സംഗീതം എന്നിവയൊക്കെ ശാസ്ത്രീയമായി പരിശീലിപ്പിക്കുകയും അവയൊക്കെ മികച്ച വേദികൾ കീഴടക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു.

നാട്ടിലെ പല വ്യക്തികളുടെയും കലാപരമായ കഴിവുകൾ വളർത്താനും അതിലൂടെ മികച്ച ജീവിതം കരിപ്പിടിപ്പിക്കാനും ഇക്കാലത്ത് സാധിച്ചു.ആധുനിക നാടകങ്ങളും ബാലേഗളും മറ്റും തുടർച്ചയായി സ്കൂളിൽ അരങ്ങേറിയിരുന്നു.

സ്കൂൾ സുവർണ്ണ ജൂബിലിയുടെ അനുബന്ധിച്ച് നടന്ന ഏറെ ശ്രദ്ധേയമായ പരിപാടിയായിരുന്നു കേരളത്തിലെ പ്രമുഖനായ കവികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കവിയരങ്ങ്.ശ്രീ കടമ്മനിട്ട രാമകൃഷ്ണൻ,ശ്രീ ഡി വിനയചന്ദ്രൻ, ശ്രീ ബാലചന്ദ്രൻ ചുള്ളിക്കാട്,ശ്രീ ഏഴാച്ചേരി രാമചന്ദ്രൻ തുടങ്ങിയ പ്രഗൽഭരായ കവികളാണ് ഇതിൽ പങ്കെടുത്തത്.

## നിലവിലെ അവസ്ഥാ വിശേഷം

1930 ൽ ആരംഭിച്ച ഈ സ്കൂൾ ഭൗതിക സാഹചര്യങ്ങൾ അന്നത്തേതിൽ നിന്നും ഒരുപാട് മാറ്റം ഒന്നും വന്നിട്ടില്ല. സ്ഥലത്ത് 3 ക്ലാസ് മുറിയും ചെറിയൊരു ഓഫീസ് മുറിയും ആയാണ് സ്കൂൾ പ്രവർത്തിക്കുന്നത്. സ്ഥിരമായി ഒരു സ്റ്റേജും ഒരു പ്രോജക്ടറും ലാപ്ടോപ്പും ആണ് പുതിയകാലത്ത് സ്കൂളിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ. മറ്റു പല സ്കൂളുകളെയും അപേക്ഷിച്ച് ഈ സ്കൂൾ വളരെ സൗകര്യപ്രദമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. നല്ല കാറ്റും വെളിച്ചവും ലഭിക്കുന്ന ചെറിയ ഒരു ചെരിവിൽ സ്ഥിതി ചെയ്യുന്ന സ്കൂൾ, നിറയെ ജലലഭ്യതയുള്ള പ്രദേശമാണ്. പച്ചപ്പുള്ള വയലും ചെറുതോടും പാലാ- രാമപുരം റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു എന്നതും കുട്ടികൾക്ക് ഏറെ സൗകര്യവും സന്തോഷവും പ്രധാനം ചെയ്യുന്നതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക ടോയ്‌ലറ്റും സ്റ്റാഫിനു വേണ്ടിയുള്ള ഒരു ചെറു ടോയ്‌ലറ്റും ഉണ്ട്. കായിക വിനോദങ്ങൾക്കായി സ്കൂൾ സ്ഥിതി ചെയ്യുന്നതിന് മുകളിലായി ഒരു ഗ്രൗണ്ടും ഉണ്ട്.

സ്മാർട്ട് സ്കൂൾ എന്ന ആശയത്തിലേക്ക് എത്താൻ വേണ്ട ഭൗതിക സൗകര്യങ്ങൾ ഇനിയും നേടേണ്ടതുണ്ട്. സ്കൂളിൽ നല്ല ലൈബ്രറി സൗകര്യം ഇല്ല. പ്രത്യേകമായി ഒരു മുറിയോ അനുബന്ധസാമഗ്രികൾ എന്നിവ ഇല്ല. ക്ലാസുകളിൽ തന്നെ ലൈബ്രറി ബുക്കുകൾ വിതരണം ചെയ്യുന്നു.വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് ലഭിച്ച പ്രൊജക്ടർ ലാപ്ടോപ്പ് എന്നിവ ഉണ്ട്. പക്ഷേ ഓരോ ക്ലാസിലും പ്രത്യേകമായി ഉപയോഗിക്കാവുന്ന രീതിയിലല്ല.

ഉച്ച ഭക്ഷണം തയ്യാറാക്കുന്നത് സ്കൂൾ കെട്ടിടത്തിൽ തന്നെയാണ്. ഇത് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. കുട്ടികൾക്ക് ഇരുന്നു കഴിക്കാനുള്ള ഡൈനിങ് ഹാൾ ഇല്ലാത്തതും സൗകര്യപ്രദമായ അടുക്കളയില്ലാത്തതും പ്രധാന പോരായ്മയാണ്. വാഹനസൗകര്യം ഇല്ലാത്തത് അരിയും പലവ്യഞ്ജനങ്ങളും ഗ്യാസും അടുക്കളയിൽ എത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

കലാ പഠനത്തിന് അനുയോജ്യമായ മറ്റു മുറികളോ സൗകര്യങ്ങളോ ഇല്ല. ഇപ്പോൾ ഉള്ള സ്റ്റേജ് അതിനു വേണ്ടി വിനിയോഗിക്കുമ്പോൾ മറ്റു ക്ലാസുകൾക്ക് തടസ്സം നേരിടുന്നു.

കായിക പരിശീലനത്തിനുള്ള ഗ്രൗണ്ട് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ഒരു ജംപിങ് പിറ്റ് പുതുതായി നിർമ്മിച്ചിട്ടുണ്ട്. അതിൽ കുട്ടികൾ പരിശീലിക്കുന്നുണ്ട്.

## അക്കാദമിക നിലവാരം

ഓരോ വർഷവും കുട്ടികൾ കുറഞ്ഞുവരുന്ന ഒരു അവസ്ഥയാണ് ഈ അടുത്തകാലത്തായി ഉണ്ടാകുന്നത്. യുപി വിഭാഗം മാത്രം പ്രവർത്തിക്കുന്ന സ്കൂൾ എന്ന പ്രശ്നം ഉണ്ട്. ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ഇല്ല എന്ന പോരായ്മയുണ്ട്. കഴിഞ്ഞ മൂന്നുവർഷമായി സ്റ്റേറ്റ് സിലബസ് ഇംഗ്ലീഷ് മീഡിയം പുസ്തകം പഠിപ്പിക്കുന്നുണ്ട്. എൽകെജി മുതൽ യു പി പൂർണമായും ഉള്ളതും ഹൈസ്കൂൾ ഹയർ സെക്കൻഡറി ഉള്ളതുമായ സമീപം സ്കൂളുകൾ നിലനിൽക്കുന്നതും വലിയ വെല്ലുവിളിയാണ്. എങ്കിലും ചെറിയ സ്കൂളിൽ കിട്ടുന്ന നേട്ടങ്ങൾ രക്ഷിതാക്കളിലേക്ക് നാട്ടുകാരിലേക്കും വേണ്ടത്ര എത്തിക്കുന്നതിൽ വിജയിക്കുന്നു.

3 യുപി സ്കൂൾ അധ്യാപകരും ഒരു ഹിന്ദി ടെറും അടങ്ങുന്നതാണ് അധ്യാപകർ.ഹിന്ദി, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളും ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, കലാകായിക പഠനം, കമ്പ്യൂട്ടർ, പ്രവർത്തിപരിചയം തുടങ്ങിയ വിപുലമായ പഠന മേഖലകൾ എല്ലാം ഈ അധ്യാപകർ തന്നെ കൈകാര്യം ചെയ്യുന്നു. ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെ ഈ വിഷയങ്ങൾ പഠിപ്പിക്കുകയും സബ്ജില്ലയിലും മറ്റ് സ്വകാര്യ മത്സര പരീക്ഷകളിലും നടക്കുന്ന എല്ലാ ഇനങ്ങളിലും പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

## മികവിനായി തിരഞ്ഞെടുക്കേണ്ട പ്രവർത്തങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ദിനാചരണങ്ങൾ | മാലിന്യ സംസ്കരണം ,കൃഷി , ജൈവ വൈവിധ്യ പാർക്ക് | ദിനങ്ങളോട് അനുബന്ധിച്ചുള്ള പ്രത്യേക വ്യക്തികളെ , സ്ഥാപനങ്ങൾ സന്ദർശിക്കുക |
| ഗണിത ലാബ് | പഠനോപകരണങ്ങൾ ലഭ്യമാക്കുക .<br>മോഡലുകൾ പ്രദർശനം | പാഠ്യ വിനിമയത്തിനുള്ള മോഡലുകൾ ലഭ്യമാക്കുക |
| ഭാഷാ ക്ലബ്ബുകൾ | സുരീലി ഹിന്ദി<br>മലയാള തിളക്കം<br>Hello English | ഭാഷാ പ്രാവീണ്യമുള്ള വ്യക്തികളെ പങ്കെടുപ്പിക്കുക |
| ശാസ്ത്ര ലാബ് | പരീക്ഷണ നിരീക്ഷണ പ്രവർത്തന സൗകര്യം ശാസ്ത്ര വർക്ഷോപ്പുകൾ സംഘടിപ്പിക്കുക | പാഠ്യ വിനിമയത്തിനുള്ള മോഡലുകൾ ലഭ്യമാക്കുക |
| സാമൂഹ്യ ശാസ്ത്ര ക്ലബ് | ലാബ് സാമഗ്രികൾ, ഗ്ലോബ്, char t പ്രദർശനം പ്രവർത്തനം | പാഠ്യ വിനിമയത്തിനുള്ള മോഡലുകൾ ലഭ്യമാക്കുക |
| | | |

| | | |
|---|---|---|
| മൂല്യ നിർണ്ണയ മികവുകൾ | മൂല്യ നിർണായ രേഖകൾ<br>പ്രോഗ്രസ്സ് കാർഡുകൾ | പി ടി എ യിൽ പരാമർശിക്കുക |
| പി റ്റി എ | പച്ചക്കറി തോട്ടം<br>അമൃതവാടി നിർമാണം | |
| പഠന യാത്ര | | |
| കലാ പഠനം - കായിക പഠനം | മികച്ച RP യുടെ സേവനം ലഭ്യമാക്കൽ | |
| ഐസിടി പഠനം | 2 ലാപ്ടോപ്പ് ,1 പ്രൊജക്ടർ | |
| പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ | ഒറിഗാമി, പെയിന്റിംഗ്,<br>ഗാർഡനിങ്,തയ്യൽ, ചവിട്ടി | |

| ...ം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ...ുടെ അ ...ന ശേഷി ...നം. അ ...ംവേദനം ...ന്നും പദ ...ക് വളർ ...ം പഠിതാ പ്രാപ്ത | **എന്റെ അവധിക്കാലം** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം - അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:-** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡ് ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| ...ിതാവിൽ ...ം പൂർ | **വാർത്താലോകത്തേക്ക്** പത്രം ആഴ്ചപ്പതിപ്പ് ... | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വായിക്കുകയും പ്രതികരണശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ 3 പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| ...ഹിത്യ ...ളുമായും ...ന്മാരോടുമു- ...അനുകൂല ...ഭാവം ...ുക വഴി ...ങ്ങളുടെ ...ശേഷി ...ന്നൽ. | സംവാദം/മുഖാമുഖം :<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ, എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | തയ്യാറാക്കി അവതരിപ്പിക്കുന്നു ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ്സ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |
| | | | | |

U.P. ENGLISH.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുക. | Lend your ear. ലളിതവും രസകരവുമായി ഇംഗ്ലീഷ് ഗാനങ്ങൾ കേൾപ്പിക്കുന്നു. ചെറിയ ചോദ്യങ്ങൾക്ക് അനായാസമായി ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്. |
| | Follow me if you can. ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | | |
| | Breaking News. ഇംഗ്ലീഷ് ചെറിയ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കേൾപ്പിക്കാൻ അവസരം ഒരുക്കുന്നു. | നവംബർ | | |
| | Treasure hunt. വിത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിരുന്ന് ഒരുക്കുന്നു. ഓരോ അവസരത്തിലും സൂചന നൽകി നടത്തുകയിലൂടെ ഒളിച്ച വസ്തുവിനെക്കുറിച്ച് വർണ്ണന | ജൂൺ | | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 2. ഭാഷാശേഷി വായന പരിപോഷിപ്പിക്കുന്നു. | Meet the foreigner - അന്യ ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി അഭിമുഖവും നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ. | ഇംഗ്ലീഷ് അധ്യാപിക. | ഇംഗ്ലീഷ് ക്ലബ്. |
| | One man Show - അവസരം നൽകി ഇംഗ്ലീഷിൽ ചെറുവിവരണത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | | |
| | I too can - സ്വന്തമായ കണ്ടെത്തലുകളായി വിവിധ വായന കാർഡുകൾ തയ്യാറാക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലക്ഷ്യം → സമ്പൂർണ്ണത) | ജൂലൈ | | |
| | Learning Ladder. പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കയറുവാൻ സഹായിക്കുകയും ഒന്നാമതെത്തുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| | Fun Corner. സ്വതന്ത്രമായ കലകൾ Reader's theatre എന്നിവയുടെ പ്രദർശനത്തിന് അവസരമൊരുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. | ടേബിൾ ഒരുക്കൽ. | | |
| | Reader of the month: ഇംഗ്ലീഷ് ദിനപത്രം വായിക്കുന്നവർക്ക് അവസരം നൽകി 'Reader of the month' നെ തെരഞ്ഞെടുക്കുന്നു. | മാസംതോറും. | ഇംഗ്ലീഷ് അധ്യാപകർ. | ഇംഗ്ലീഷ് ക്ലബ്. |
| കുട്ടികളുടെ ഇംഗ്ലീഷ് പഠനത്തിൽ മികവുണ്ടാക്കുന്നു. | My droplets. കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, ഡിജിറ്റൽ പതിപ്പുകൾ തയ്യാറാക്കുന്നു. | വർഷാവസാനം. | | |
| | Alert zone. മുഖ്യ അറിയിപ്പുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ മുഴുവൻ അറിയിപ്പുകളും ക്ലാസ് മുറികളിലേക്ക് എത്തിക്കുന്നു. | ആവശ്യാനുസരണം. | | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി ഒട്ടിച്ച വാക്കുകൾ ഒരു ഗ്രൂപ്പും വായിച്ചതിനുശേഷം ഓടിച്ചെന്ന് ചാർട്ടിലേക്ക് തെറ്റില്ലാതെ എഴുതുന്നു. ഏറ്റവും അധികം വാക്കുകൾ തെറ്റില്ലാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഇടവേളകളിൽ. | | |

# वार्षिक आयोजन कक्षा - V

| क्र. | महीना | इकाई | पाठ |
|---|---|---|---|
| 1 | जून | 1 कुलाँचे पल | तैयारी (टीचर टेक्स्ट की विशेष प्रक्रियाएँ). धूप आ गई |
| 2 | जुलाई | 1 कुलाँचे पल | टोमी और मैं |
| 3 | अगस्त | 1 कुलाँचे पल<br>2 खुशी की खुशी | पिल्ला. चिड़िया का घर |
| 4 | सितंबर | 2 खुशी की खुशी | कार्यकालांत मूल्यांकन (पहला) . विचित्र जीव |
| 5 | अक्तूबर | 2 खुशी की खुशी<br>3 रिम-झिम-रिमझिम | विचित्र जीव (जारी).<br>पेड़ का जादू |
| 6 | नवंबर | 3 रिमझिम-रिमझिम<br>4 सफर है जिंदगी | वर्षा आई<br>हवा और धूल |
| 7 | दिसंबर | 4 सफर है जिंदगी | दो संतरे, कार्य कालांत मूल्यांकन (दूसरा) |
| 8 | जनवरी | 4 सफर है जिंदगी<br>5 बूँदों का गीत | दो संतरे (जारी)<br>एक दो तीन |
| 9 | फरवरी | 5 बूँदों का गीत | एक - दो - तीन (जारी)<br>पानी |
| 10 | मार्च | 5 बूँदों का गीत | पानी (जारी)<br>वार्षिक मूल्यांकन . |

# कक्षा VI वार्षिक आयोजन

| क्रम सं | महीना | इकाई | पाठ |
|---|---|---|---|
| 1 | जून | खुले दिल से | • तैयारी, नीली चिड़िया |
| 2 | जुलाई | खुले दिल से<br>अनूठी झाँकियाँ | रू रू<br>बादल |
| 3 | अगस्त | 2 अनूठी झाँकियाँ | सीगड़ी मछली सूखी क्यों नहीं ?<br>कार्य कालांत मूल्यांकन (पहला). |
| 4 | सितंबर | ताना बाना | मीठा संतरा |
| 5 | अक्तूबर | 3 ताना बाना | चले |
| 6 | नवंबर | ताना बाना<br>वारिस दुनिया को | चले (जारी).<br>मिल सबको |
| 7 | दिसंबर | * वारिस दुनिया के | इच्छु और बिनिया<br>कार्य कालांत मूल्यांकन (दूसरा). |
| 8 | जनवरी | 4 वारिस दुनिया के<br>5 मंज़िलों से परे | इच्छु और बिनिया (जारी)<br>मुन्नु की स्वतंत्रता |
| 9 | फरवरी | मंजिलों से परे | उल्टा-पुल्टा |
| 10 | मार्च | मंजिलों से परे | * उलटा पुलटा जारी)<br>वार्षिक मूल्यांकन |

# वार्षिक आयोजन - कक्षा 7

| क्रम सं | महीना | इकाई | पाठ का नाम |
|---|---|---|---|
| 1 | जून | 1 प्यार | साफ सफाई मे अव्वल गाँव, खुद से प्यार |
| 2 | जुलाई | 1 प्यार<br>2 परिश्रम | साफ सफाई मे अव्वल गाँव (ज़ारी)<br>गाँधिजी की नमक कथा |
| 3 | अगस्त | 2 परिश्रम | गाँधीजी की नमक कथा (ज़ारी). यह धरती है उस किसान की |
| 4 | सितंबर | 3 मुस्कान | कार्यकालीन मूल्यांकन (पहला).<br>बारिश के बाद |
| 5 | अक्तूबर | 3 मुस्कान | बारिश के बाद (ज़ारी) बचा हमारी चिड़िया रानी |
| 6 | नवंबर | 4 मेल-जोल | तुम जियो हज़ारों साल साल के दिन है। पचास हज़ार; जन्नत के बच्चे |
| 7 | दिसंबर | 4 मेल-जोल | जन्नत के बच्चे (ज़ारी) कार्यकालीन मूल्यांकन (दूसरा) |
| 8 | जनवरी | 5 नज़ारे | प्रेम के सिवा और कुछ नही |
| 9 | फरवरी | 5 नज़ारे | हाथियों की रहगुज़र |
| 10 | मार्च | 5 नज़ारे | हाथियों की रहगुजर (ज़ारी).<br>वार्षिक मूल्यांकन |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | | |
|---|---|---|---|---|---|
| 5, 6, 7 ക്ലാസ്സ് അക്ഷരബോധം ഉറപ്പിക്കൽ<br><br>ഹിന്ദി അദ്ധ്യാപകരുടെ ... ശ്രദ്ധിക്കുന്നതിനാൽ അക്ഷരങ്ങളെ പരിചയപ്പെടുവാൻ അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അക്ഷരങ്ങൾ മനസ്സിലാക്കി കൊടുക്കുക. പരിശീലിപ്പിക്കുക. ചിത്രങ്ങൾ, വീഡിയോ, ഹിന്ദി സിനിമ എന്നിവ കാണുന്നതിനുള്ള അവസരം നൽകുക.<br>അക്ഷരമാല ചാർട്ട് പ്രദർശിപ്പിക്കുക. | ജൂൺ മുതൽ - ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | | |
| ഹിന്ദി തെറ്റുകൂടാതെ - വായിക്കുവാനും എഴുതുവാനും ഉള്ള അവസരം ഒരുക്കുന്നു.<br>ലളിതമായ ഹിന്ദി വാക്കുകളും വാക്യങ്ങളും ഉപയോഗിച്ച് ആശയവിനിമയം നടത്താനുള്ള കഴിവ് നേടുക. | പുസ്തക വായന, ഹിന്ദി പത്രങ്ങൾ, എന്നിവ വായിപ്പിക്കുക.<br>ചിത്രം വരയ്ക്കുക, നിറം നൽകുക കൈയെഴുത്ത് പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക | | |
| ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവുണ്ടാക്കി എടുക്കുക.<br>നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി വർധിപ്പിക്കുന്നു.<br>ഹിന്ദി ഗദ്യവും പദ്യവും ആസ്വദിക്കാനും അവയുടെ ആശയം ഗ്രഹിക്കാനും സാധിക്കുക | ഹിന്ദിയിൽ തന്നെ ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികളെ കൊണ്ട് ഉത്തരങ്ങൾ പറയിപ്പിക്കുകയും ചെയ്യുക. പുസ്തകങ്ങൾ സ്വയം വായിച്ച് മനസ്സിലാക്കി പാഠഭാഗം മനസ്സിലാക്കാനുള്ള കഴിവ് നേടിയെടുക്കുക.<br>പാഠഭാഗം ഉറക്കെ വായിക്കാൻ പ്രേരിപ്പിക്കുക.<br>ലളിതമായ ചോദ്യങ്ങൾക്ക് പാഠഭാഗത്തുനിന്നും ഉത്തരം കണ്ടെത്തുക.<br>ഓഡിയോ ക്ലിപ്പുകൾ കേൾപ്പിക്കുക.<br>കൈയക്ഷരം നന്നാക്കുന്നതിനും, അക്ഷരങ്ങൾ ശബ്ദങ്ങൾ വാക്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും കോപ്പിബുക്ക് എഴുതിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക | | |

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ജൈവവൈവിധ്യ പാർക്ക്<br>• പരീക്ഷണക്കളരി<br>• നിരീക്ഷണക്കുറിപ്പ് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | • വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണങ്ങൾ, പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ, സയൻസ് ക്ലബ് |
| | • സ്കൂൾതല ശാസ്ത്രോത്സവം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |
| | • ദിനാചരണങ്ങൾ<br>• ശാസ്ത്ര ലൈബ്രറി<br>• ശാസ്ത്ര വിസ്മയ ചുമർ | അക്കാദമിക വർഷം | | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും | |
| 5) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, ഗണിത സവിശേഷതകൾ ചിട്ടപ്പെടുത്തൽ, പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ് |
| 6) വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ | ആവശ്യാനുസരണം | SRG | |

മേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | * പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം | ജൂലൈ | അധ്യാപകർ | |
| | * ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | വർഷത്തിൽ രണ്ട് തവണ | പി.ടി.എ. | |

| | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ുടെ ആ ന്നൽ ു ട് ച്ചും ുന്നു. | സൈബർ സുരക്ഷ ഓഫീസർ, പോലീസ് എന്നിവരുടെ സഹായത്തോടെ ബോധവൽ-ക്കരണ ക്ലാസുകൾ | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ്ബ് |
| ഷി | ഭൂപടങ്ങൾ, അറ്റ്ലസ് എന്നിവയുടെ സഹായത്തോടെ ഭൂപടവായന | അക്കാദമിക വർഷം | സാമൂഹ്യശ ത്ര അധ്യാ |
| ത ട ത്തി | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ | അക്കാദമിക വർഷം | സാമൂഹ്യശ ക്ലബ്ബ്, സാമൂ ശാസ്ത്ര അധ്യാപക |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിത ശില്പശാല: കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മാസം | ഗണിത അധ്യാപിക | |
| 2) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി. സാധ്യതകളിലൂടെ: ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഗണിതാശയങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്കെത്തിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപിക | |
| 3) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്: ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ്, പി.ടി.എ. |
| 4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക്: ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട | | | |

ക്ലബുകൾ - മികവിന്.

നമ്മുടെ സ്കൂളിന്റെ വിദ്യ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനും, അവരുടെ പ്രവർത്തനങ്ങൾ അനുഭവപ്പെടുത്തുന്നതിനായി വിവിധ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. അദ്ധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ ക്ലബ്ബുകളുടെ പേര് താഴെ കൊടുക്കുന്നു.

വിദ്യാരംഗം - ജൂലി ജോസ് നാഥൻ

ശാസ്ത്രക്ലബ് - മഞ്ജുഷ. പി. പി.

ഗണിതക്ലബ് - സോണിയ ജേക്കബ്

സാമൂഹ്യശാസ്ത്രക്ലബ്, ജലജ. വി

ഇവ കൂടാതെ ഹിന്ദി ക്ലബ്, സ്പോർട്സ് ക്ലബ്, ആർട്സ് ക്ലബ് പരിസ്ഥിതി ക്ലബ്, സ്കൂൾ ലൈബ്രറി, സ്കൂൾ പാർലമെന്റ് എന്നിവയെല്ലാം കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്നു.

17 പഠന പരിപാടികളിലൂടെ, GK വർദ്ധിപ്പിക്കുന്നതിനും തുടർച്ചയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

മോർണിംഗ് അസംബ്ലി എല്ലാദിവസവും നടക്കുന്നു. കൂടാതെ കുട്ടികളുടെ സുരക്ഷിതത്വം ലക്ഷ്യമാക്കി ഓരോ ദിവസത്തെയും discipline നടപ്പിലാക്കാൻ ഓരോ അദ്ധ്യാപകർക്ക് ചുമതല നൽകിയിട്ടുണ്ട്.

2025-2026 അധ്യയന വർഷം നമ്മുടെ സ്കൂളിൽ ചെയ്യാനുദ്ദേശിക്കുന്ന പഠന- പാഠ്യേതര പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപമാണിത്. കുട്ടികളുടെ പഠനവും അവരുടെ മികച്ച വ്യക്തിത്വ വികാസത്തിനും ഉതകുന്ന വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി അധ്യാപകരും പിടിഎയും സദാ സന്നദ്ധരായിരിക്കും. കല, കായിക, പ്രവൃത്തിപരിചയം എന്നീ മേഖലകളിലും മികച്ച നേട്ടമുണ്ടാക്കാൻ ഈ വർഷം ശ്രമിക്കും. അതോടൊപ്പം ഭൗതിക സാഹചര്യങ്ങളിൽ കുറച്ചുകൂടി മെച്ചപ്പെടേണ്ട കാര്യങ്ങൾ ഉണ്ട്. അതിനാവശ്യമായവ ഞങ്ങൾ PTA യും SMC യും ആയി ആലോചിച്ച് ചെയ്യും. സ്കൂളിന് അടിയന്തിരമായി വേണ്ട അറ്റകുറ്റപ്പണികളുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പിന്നെ കേടായ മതിൽ പുതുക്കിപ്പണിയുക, സ്കൂൾ ഗേറ്റ് നവീകരിക്കുക. പഴയതിൽ കേടു സംഭവിച്ചതും ഉപേക്ഷിക്കുക, കക്കൂസ് പുതുക്കുക, ക്ലാസ് റൂം പാർട്ടീഷൻ പുതുക്കി മോടിയാക്കുക. എന്നിവയൊക്കെ അത്യാവശ്യമായ കാര്യങ്ങളാണ്. ഇതിനെല്ലാം ഫണ്ടുകളുടെ ഞങ്ങൾ നടത്തുന്നതിനും കുട്ടികളുടെ പഠനമികവിനും വേണ്ടി ഈ വർഷത്തിൽ ഏവരും സഹകരിക്കണം.

PTA President
G.V.U.P. School
Ezhacherry

Jalaja. D
Headmistress
GVUPS Ezhacherry